(രജിസ്റ്റർ ചെയ്ത കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ.എസ്.എ .കെ.കെ.ഡി പി11/1399/2017.

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ,

ജില്ലാ ഓഡിറ്റ് കാര്യാലയം,

സിവിൽ സ്റ്റേഷൻ, കോഴിക്കോട്,

E-Mail: dokkd.ksad.kerala.gov.in

ഫോൺ-04952371012

തിയതി:3-8-2017

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)

വളയം ഗ്രാമ പഞ്ചായത്ത്

സർ,

വിഷയം : വളയം ഗ്രാമപഞ്ചായത്ത് - 2016-17സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് -

സംബന്ധിച്ച്

*******************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം വളയം ഗ്രാമപഞ്ചായത്തിന്റെ 2016-17 സാമ്പത്തികവർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2ലെ ഖണ്ഡികയിലേയ്ക്കും ഭാഗം 3ലെ ഖണ്ഡികയിലേയ്ക്കും പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :

1)ഡയറക്ടർ, തിരുവനന്തപുരം(ഉപരിപത്രം സഹിതം)

2)പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കോഴിക്കോട്.

3)കാര്യാലയ പകർപ്പ്

നം.കെ.എസ്.എ.കെ.കെ.ഡി പി11/1399/2017 തിയ്യതി:03-08-2017

കോഴിക്കോട് ജില്ലയിലെ വളയം ഗ്രാമപഞ്ചായത്തിന്റെ

2016-17 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള

ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4), 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കോഴിക്കോട് ജില്ലയിലെ വളയം ഗ്രാമപഞ്ചായത്തിന്റെ 2016-17സാമ്പത്തിക വർഷത്തെ ധനകാര്യ പത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 01.04.2016 മുതൽ 31.03.2017 തിയ്യതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 18 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 4 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണ ക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | | |
|---|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീ സി രാജൻ,ഡെപ്യൂട്ടി ഡയറക്ടർ | |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 27.06.2017മുതൽ 03.07.2016 വരെ | |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | ശ്രീ. സതീഷ്കുമാർ കെ | ഓഡിറ്റ്ഓഫീസർ |
| | ശ്രീ. രാജീവൻ എൻ | സീനിയർ ഗ്രേഡ് ഓഡിറ്റർ. |
| | ശ്രീമതിഇന്ദുകല സി.വി | ഓഡിറ്റർ |
| | ശ്രീ.ജാസിർ സി.എം | ഓഡിറ്റർ |

(ബി)നിർവ്വഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡന്റ് | ശ്രീമതി എം സുമതി | 01.04..2016.മുതൽ 31.03.2017 വരെ |
| സെക്രട്ടറി | ശ്രീ. അശോകൻ കെ.കെ | 01.04.2016 മുതൽ 31.03.2017 വരെ |
| നിർവ്വഹണ ഉദ്യോഗസ്ഥർ | | |
| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
| അസിസ്റ്റൻറ് സെക്രട്ടറി | ശ്രീ സുകുമാരൻ ടി. | 01.04.2016മുതൽ 31.03.2017വരെ |
| കൃഷി ഓഫീസർ | ശ്രീ മുജീബ് സി<br>ശ്രീമതി ഷർഷീല മറിയം കെ ടി | 01.04.2016 മുതൽ 06.02.2017വരെ<br>07.02.2017 മുതൽ 31.03.2017 വരെ |
| വെറ്ററിനറി സർജൻ | ഡോ.രമ്യ രവീന്ദ്രൻ | 01.04.2016മുതൽ 09.09.2016വരെ |
| മെഡിക്കൽ ഓഫീസർ (സി എച്ച് സി) | ഡോ.ശശീന്ദ്രൻ കെ | 01.04.2016മുതൽ 31.03.2017വരെ |

| | | |
|---|---|---|
| ഹോമിയോ മെഡിക്കൽ ഓഫീസർ | ഡോ.വി. ജി. അജിത് കുമാർ | 01.04.2016മുതൽ 31.03.2017വരെ |
| അസി.എഞ്ചിനീയർ | ശ്രീ രവി കെ | 01.04.2016 മുതൽ 31.03.2017 വരെ |
| ഐസിഡിഎസ് സൂപ്പർവൈസർ | ശ്രീമതി പ്രീത എൻ | 01.04.2016മുതൽ 01.07.2016വരെ |
| | ശ്രീമതി മധുകുമാരി സി എം | 02.07.2016മുതൽ 16.01.2017 വരെ |
| | ശ്രീമതി റിനി എ | 17.01.2017 മുതൽ 31.03.2017വരെ |
| വി.ഇ.ഒ | ശ്രീ.വിജയൻ.കെ.കെ. | 01-04-2016 മുതൽ 31-03-2017 വരെ |
| | ശ്രീ. ജോണി.വി.ആർ | 01-04-2016 മുതൽ 31-3-2017 വരെ |
| ഹെഡ് മാസ്റ്റർ | ശ്രീ. പ്രഭാകരൻ | 01-04-2016 മുതൽ 31-03-2017 |

ഉള്ളടക്കം


| ക്രമ നം. | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക. | 1-2 |
| 3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം. | 1-3 |
| 4 | സാമ്പത്തിക വിശകലനം | 1-4 |
| 5 | ഫണ്ട് വിനിയോഗം (വാർഷിക കണക്ക് പ്രകാരം) | 1-5 |
| 6 | പദ്ധതി അവലോകനം. | 1-6 |
| 7 | തനത് വരുമാനം. | 1-7 |
| 8 | ക്ഷേമപദ്ധതികൾ | 1-8 |
| 9 | ക്യാഷ് വെരിഫിക്കേഷൻ | 1-9 |
| 10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| | ഭാഗം 2 | |
| 11 | തൊഴിൽ നികുതി ഈടാക്കിയതിലെ അപാകതകൾ | 2-1 |
| 12 | ലൈസൻസ് ഇല്ലാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു. | 2-2 |
| 13 | ബൈലോ പാലിക്കാതെ ഷോപ്പിംഗ് കോംപ്ലക്സ് വാടകയ്ക്ക് നൽകുന്നു. | 2-3 |
| 14 | സ്ലൈഡർ മുറിച്ചു മാറ്റിയത് – തുടർ നടപടി സ്വീകരിച്ചതിന്റെ വിവരമില്ല. | 2-4 |
| 15 | വാർഷിക ധനകാര്യ പത്രികയിലെ അപാകതകൾ | 2-5 |
| | ഭാഗം 3 | |
| 16 | ഗുണഭോക്തൃ ലിസ്റ്റ് തയ്യാറാക്കൽ – | 3-1 |

| | | |
|---|---|---|
| | സർക്കാർ നിർദ്ദേശം പാലിച്ചില്ല. | |
| 17 | ക്ഷീരഗ്രാമം പദ്ധതി നിർവ്വഹണം പൂർത്തിയാക്കിയില്ല. | 3-2 |
| 18 | എസ്.എസ്.എ പദ്ധതി -വിനിയോഗ സാക്ഷ്യ പത്രം ഹാജരാക്കിയില്ല. | 3-3 |
| 19 | ആയുർവേദ മരുന്നുകൾ പൂർണ്ണമായും സപ്ലൈ ചെയ്തില്ല. | 3-4 |
| 20 | കുടുംബശ്രീ- എസ്.സി.എ ഫണ്ട് ചെലവഴിച്ചില്ല. | 3-5 |
| 21 | സ്ട്രീറ്റ് ലൈറ്റ് – സംയുക്ത പരിശോധന നടത്തിയില്ല. | 3-6 |
| 22 | ഹോമിയോ ആശുപത്രിയ്ക്ക് മരുന്ന് വാങ്ങൽ- മരുന്നുകൾ പൂർണ്ണമായും ലഭിച്ചില്ല. | 3-7 |
| 23 | പൊതു മരാമത്ത് പ്രവൃത്തികൾ – നിർവ്വഹണത്തിൽ വീഴ്ച | 3-8 |
| 24 | മരാമത്ത് പ്രവൃത്തികളിൽ നിന്നും വാറ്റ് ഈടാക്കിയതിൽ കുറവ് | 3-9 |
| 25 | വീട് വൈദ്യുതീകരണം – പദ്ധതി നിർവ്വഹണത്തിലെ അപാകതകൾ | 3-10 |
| | ഭാഗം 4 | |
| 26 | ഓഡിറ്റ് പ്രത്യവലോകനം | 4-1 |
| 27 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 28 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |
| 29 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-4 |
| 30 | വായ്പ/ വായ്പ തിരിച്ചടവ് | 4-5 |
| 31 | സ്ഥിരനിക്ഷേപങ്ങൾ | 4-6 |
| 32 | ഓഡിറ്റ് റിക്കവറി | 4-7 |
| 33 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം. | 4-8 |
| 34 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-9 |


## ഭാഗം 1

## പൊതു അവലോകനം

### 1-1 ബജറ്റ്

2016-17വർഷത്തെ പുതുക്കിയ ബജറ്റ് 29.03.2017 തിയതിയിലെ 01/2017(1),01/2017(2) തീരുമാനപ്രകാരം അംഗീകരിച്ചു.

| ഇനം | പ്രതീക്ഷിച്ചത് | യഥാർത്ഥിലുള്ളത് | വ്യത്യാസം | | ശതമാനം (+)/ (-) % |
|---|---|---|---|---|---|
| | | | കൂടുതൽ | കുറവ് | |
| മുന്നിരിപ്പ് | 6728331 | 7233232 | 504901 | | +7.5 |
| വരവ് | 94511983 | 72996038 | | 21515945 | -22.7 |
| ആകെ | 101240314 | 80229270 | | 21011044 | -20.7 |
| ചെലവ് | 94337208 | 72588362 | | 21748846 | -23 |
| നീക്കിയിരിപ്പ് | 6903106 | 7640908 | 737802 | | +10.69 |

## 1-2 വാർഷിക ധനകാര്യപത്രിക.

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31.07.2017 | 17-06-2017 | - | - |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം.

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2016-17 | 28-06-2017 | ഇതേ റിപ്പോർട്ടിലെ അനുബന്ധം 1 കാണുക. |

## 1-4 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 72,33,232 |
| വരവ് | 7,29,96,038 |
| ആകെ | 8,02,29,270 |
| ചെലവ് | 7,25,88,362 |
| നീക്കിയിരിപ്പ് | 76,40,908 |

## 1-5 ഫണ്ട് വിനിയോഗം(വാർഷിക കണക്ക് പ്രകാരം )

| ഫണ്ടിനം | മുൻബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 0 | 5439591 | 5439591 | 5439591 | 0 |
| വികസനഫണ്ട് എസ്.സി.പി. | 0 | 277993 | 277993 | 277993 | 0 |
| വികസനഫണ്ട് | 0 | 312608 | 312608 | 312608 | 0 |

| | | | | | |
|---|---|---|---|---|---|
| ടി.എസ്.പി. | | | | | |
| സംരക്ഷണഗ്രാന്റ് റോഡ് | 0 | 2456960 | 2456960 | 2456960 | 0 |
| സംരക്ഷണഗ്രാന്റ് നോൺറോഡ് | 0 | 1962403 | 1962403 | 1962403 | 0 |
| 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 0 | 2448707 | 2448707 | 2448707 | 0 |
| പെർഫോമൻസ് ഗ്രാന്റ് | 0 | 323641 | 323641 | 323641 | 0 |
| എം.എൻ.ആർ.ഇ.ജി.എസ്. | 2161 | 17182013 | 17184174 | 17145455 | 38719 |
| ബി ഫണ്ട് | | 28392860 | 28392860 | 28392860 | 0 |

## 1-6 പദ്ധതി അവലോകനം.

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത്(എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 111 | 36451011 | 56 | 14673999 | 5 | 50 | 50.45% |

## 1-7 തനത് വരുമാനം.

മുൻവർഷത്തേക്കാൾ സ്ഥാപനത്തിന് ഈ സാമ്പത്തികവർഷത്തിൽ തനതു വരുമാനത്തിൽ താഴെ പറയും പ്രകാരം 55.92 ശതമാനം വർദ്ധനവ് ഉണ്ടായിട്ടുണ്ട്.

| ഇനം | മുൻവർഷം | തൻവർഷം | വ്യത്യാസം | ശതമാനം (+)/(-) |
|---|---|---|---|---|
| നികുതി വരവുകൾ | 1657336 | 2974684 | 1317348 | +79.49 |
| നികുതിയേതര വരവുകൾ | 761078 | 850317 | 89239 | +10.4 |
| മറ്റുവരവുകൾ | 110549 | 118195 | 7646 | + 6.4 |
| ആകെ | 2528963 | 3943196 | 1414233 | +55.92 |

## 1-8 ക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 203880 | 117 |
| കർഷകതൊഴിലാളി പെൻഷൻ | 7718800 | 799 |
| വിധവാപെൻഷൻ | 11273200 | 754 |
| വാർദ്ധക്യകാലപെൻഷൻ | 6043300 | 739 |
| വികലാംഗപെൻഷൻ | 2726500 | 739 |
| 50 വയസ്സ് കഴിഞ്ഞ അവിവാഹിതർക്കുള്ള പെൻഷൻ | 247000 | 26 |
| സാധുക്കളായ വിധവകളുടെ പെൺമക്കൾക്കുള്ള ധനസഹായം | 180000 | 6 |

## 1-9 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 26.07.2017 ന് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 1637/- രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 2016 ജൂൺ | 01.12.2005 മുതൽ 31.05.2016 വരെ | റിപ്പോർട്ട് ലഭിച്ചിട്ടില്ല. |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 2009 നവംബർ | 2004-05 മുതൽ 2008-09 വരെ | LBA(HQ) 111/8A.1515/561, 29.12.2009 |

# ഭാഗം-2

## വരവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 തൊഴിൽ നികുതി ഈടാക്കിയതിലെ അപാകതകൾ

1.2016-17 സാമ്പത്തികവർഷത്തിൽ വളയം ഗ്രാമപഞ്ചായത്ത് കുടുംബശ്രീ അക്കൗണ്ടന്റിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല എന്ന ഓഡിറ്റ് പരാമർശത്തിനെ തുടർന്ന് 800 രൂപ 10-7-2017-ന് ഈടാക്കിയതായി അറിയിച്ചിട്ടുണ്ട്.

2.ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന അക്ഷയകേന്ദ്രം, കള്ള് ഷാപ്പ് എന്നീ സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

ഈടാക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

## 2-2 ലൈസൻസ് ഇല്ലാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു

2016-17 സാമ്പത്തിക വർഷത്തിൽ പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന അക്ഷയകേന്ദ്രം, കള്ള് ഷാപ്പ് എന്നിവയ്ക്ക് ലൈസൻസ് എടുത്തിട്ടില്ല. കേ.പ.രാ ആക്ട്, സെക്ഷൻ-232(1) പ്രകാരം സെക്രട്ടറി നൽകുന്ന ലൈസൻസ് ഇല്ലാതെയും ലൈസൻസിലെ നിബന്ധനകൾക്ക് വിരുദ്ധമായും പഞ്ചായത്തിലെ യാതൊരു സ്ഥലവും ഉപയോഗിക്കാൻ പാടില്ലാത്തതാണ്. എന്നാൽ മേൽ സ്ഥാപനങ്ങൾ ലൈസൻസ് ഇല്ലാതെയാണ് പഞ്ചായത്തിൽ

പ്രവർത്തിക്കുന്നത്. നിയമ വിരുദ്ധമായി പ്രവർത്തിച്ചു വരുന്ന സ്ഥാപനങ്ങൾക്കെതിരെ സ്വീകരിച്ച നടപടി വിവരം ലഭ്യമാക്കേണ്ടതാണ്.

## 2-3 ബൈലോ പാലിക്കാതെ ഷോപ്പിംഗ് കോംപ്ലക്സ് വാടകയ്ക്ക് നൽകുന്നു

പഞ്ചായത്ത് ഷോപ്പിംഗ് കോംപ്ലക്സ് മുറി ഏറ്റുവാങ്ങുന്നതിന് മുമ്പ് ബൈലോയിലെ ഖണ്ഡിക 12 പ്രകാരം കൈവശക്കാരൻ ലേല കാലത്തേക്ക്ആകെ വരുന്ന വാടക തുകയിൽ കുറയാതെ ലേല ഉദ്യോഗസ്ഥൻ നിർദ്ദേശിക്കുന്ന സംഖ്യയ്ക്ക് സ്വന്തം പേരിലോ ജാമ്യക്കാരന്റെ പേരിലോ സോൾവൻസി സർട്ടിഫിക്കറ്റ് നൽകേണ്ടതാണ്. 2015-16 ഓഡിറ്റ് റിപ്പോർട്ടിൽ ഖണ്ഡിക 2-1 ആയി മേൽ അപാകത ഉൾപ്പെടുത്തിയിരുന്നു. സോൾവൻസി സർട്ടിഫിക്കറ്റ് ഹാജരാക്കാതെയാണ് 2016-17 സാമ്പത്തിക വർഷവുംമുറികൾവാടകയ്ക്ക് നൽകിയത്. സോൾവൻസി സർട്ടിഫിക്കറ്റ് ഹാജരാക്കാതെ മുറികൾ വാടകയ്ക്ക് നൽകിയതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

## 2-4 സ്ലൈഡർ മുറിച്ചുമാറ്റിയത് - തുടർ നടപടി സ്വീകരിച്ചതിന്റെ വിവരമില്ല

ഗ്രാമ പഞ്ചായത്ത് ഭരണ സമിതിയുടെ 4/16(1) തീ. 01.12.2016 തീരുമാന പ്രകാരം ഗ്രാമ പഞ്ചായത്തിലെ 14ാം വാർഡിലെ ഉഴിഞ്ഞേരിക്കണ്ടി അംഗൻവാടിയിലെ (No.192) കാലപ്പഴക്കം കൊണ്ട് കേടു വന്ന് പൊട്ടിയ സ്ലൈഡർ മുറിച്ചു മാറ്റുന്നതിന് തീരുമാനമെടുത്തിട്ടുണ്ട്. ആയതിന്റെ നിലവിലെ സ്ഥിതി, മുറിച്ചു മാറ്റിയിട്ടുണ്ടെങ്കിൽ ആയത് ലേലം ചെയ്തതിന്റെ വിവരം എന്നിവ അറിയിക്കുന്നതിനായി നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (2/16-17 തീ. 30.06.2017)മറുപടി ലഭ്യമാക്കിയിട്ടില്ല. തുടർ നടപടി സ്വീകരിച്ച് വിവരം അറിയിക്കേണ്ടതാണ്.

## 2-5 വാർഷിക ധനകാര്യ പത്രികയിലെ അപാകതകൾ

2016-17 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ താഴെ കൊടുക്കുന്നു.

1. വസ്തു നികുതി വരവ് വാർഷിക കണക്കുമായി പൊരുത്തപ്പെടുന്നില്ല.

| | രജിസ്റ്റർ പ്രകാരം | വാർഷിക കണക്ക് പ്രകാരം |
|---|---|---|
| കുടിശ്ശിക ഡിമാൻഡ് | 5,59,582 | |
| തൻവർഷ ഡിമാൻഡ് | 16,00,229 | 16,00,229 |
| കുടിശ്ശിക വരവ് | 6,52,528 | 6,46,138 |
| തൻവർഷ വരവ് | 15,13,134 | 15,17,496 |

2. അസിസ്റ്റന്റ് എൻജിനിയർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പാക്കിയ പ്രവൃത്തികളിൽ അടവാക്കിയ വാറ്റ് , നിർമ്മാണ തൊഴിലാളി ക്ഷേമനിധി, ആദായനികുതി എന്നിവ വാർഷിക ധനകാര്യപത്രികയിൽ ചേർത്തിട്ടില്ല
3. ഗ്രാമ പഞ്ചായത്തിലെ മുഴുവൻ ആസ്തികളും മൂല്യനിർണ്ണയം ചെയ്ത് വാർഷിക ധനകാര്യപത്രികയിൽ ഉൾപ്പെടുത്തിയിട്ടില്ല. അപാകതകൾക്ക് മറുപടി നൽകേണ്ടതാണ്.

# ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 ഗുണഭോക്തൃ ലിസ്റ്റ് തയ്യാറാക്കൽ - സർക്കാർ നിർദ്ദേശം പാലിച്ചില്ല

ഓഡിറ്റ് വർഷം ഗ്രാമ പഞ്ചായത്തിലെ വിവിധ പദ്ധതികളിലെ വ്യക്തിഗത ഗുണഭോക്താക്കളുടെ ലിസ്റ്റ് തയ്യറാക്കിയത് സർക്കാർ നിർദ്ദേശം പാലിക്കാതെയാണ്. ഓഡിറ്റ് വർഷത്തേക്കുള്ള ഗുണഭോക്തൃ ലിസ്റ്റ് ബോർഡ് അംഗീകരിക്കുന്നത് 14.11.2016 തിയ്യതിയിലെ 04/16(1) നമ്പർ തീരുമാനപ്രകാരമാണ്.ഈ ലിസ്റ്റിൽ ഗ്രാമപഞ്ചായത്തിലെ പതിനാല് വാർഡുകളിലെയും ഗ്രാമ സഭാ ലിസിറ്റിൽ ഉൾപ്പെട്ട ഗുണഭോക്താക്കളെ ഉൾപ്പെടുത്തുകയാണ് ചെയ്തത് ഇത് ശരിയായ നടപടിയല്ല.ഗ്രാമ പഞ്ചായത്ത് നടപ്പിലാക്കുന്ന പദ്ധതികൾക്കുവേണ്ടി തെരഞ്ഞെടുക്കുന്ന ഗുണഭോക്താക്കളുടെ സംഗതിയിൽ ഒരു പ്രത്യേക പദ്ധതിയിലേക്ക് ഓരോ വാർഡിനും വേണ്ട മുൻഗണനാ ലിസ്റ്റ് ഗ്രാമ സഭ തയ്യാറാക്കുകയും, അർഹതയും മുൻഗണനാക്രമത്തിലുള്ള മാനദണ്ഡങ്ങൾ അടിസ്ഥാനമാക്കി പഞ്ചായത്ത് തലത്തിൽ തെരഞ്ഞെടുക്കുകയാണ് വേണ്ടത് വാർഡു തലത്തിൽ ടാർജറ്റ്

ഉണ്ടാക്കാൻ പാടില്ല. ഓരോ വർഡിലും മുൻഗണനാക്രമ ലിസ്റ്റിനോടൊപ്പം പരിശോധന പൂർത്തിയാക്കിയതിന് ശേഷം മുൻഗണനാ ക്രമത്തിന്റെ മാനദണ്ഡങ്ങൾ അടിസ്ഥാനമാക്കി ഗ്രാമ പഞ്ചായത്തിന് മൊത്തത്തിൽ ഒരു പട്ടിക തയ്യാറാക്കേണ്ടതാണ്. ഇത് ഗ്രാമ പഞ്ചായത്ത് യോഗത്തിലാണ് തയ്യാറാക്കേണ്ടത് (ജി.ഒ (പി)220/97/തഭവ തി.2.10.97ജി.ഒ (പി)181/98/തസ്വഭവ 2.9.98 എന്നിവ കാണുക)എന്നാൽ ഈ ഉത്തരവുകൾക്ക് വിരുദ്ധമായാണ് ഗ്രാമ പഞ്ചായത്ത് ഗുണഭോക്തൃ ലിസ്റ്റുകൾ ഉണ്ടാക്കിയിരിക്കുന്നത്. അപാകതയ്ക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (6/16-17/1.7.17)മറുപടി നൽകിയിട്ടില്ല. തൃപ്തികരമായ വിശദീകരണം നൽകേണ്ടതാണ്.

## 3-2 ക്ഷീര ഗ്രാമം പദ്ധതി നിർവ്വഹണം പൂർത്തിയാക്കിയില്ല

നിർവ്വഹണം: വെറ്റിനറി സർജൻ

പ്രോജക്ട് നം:75/16-17

അടങ്കൽ: 2000000

ഫണ്ട് വികസനം,ജില്ലാ പഞ്ചായത്ത്,ബേങ്ക് ലോൺ

ചെലവ് 390000/-

ബിൽ നം,തിയ്യതി. 5/16-17/ 28.3.2017/

ഗ്രാമപഞ്ചായത്തിലെ 40 ഗുണഭോക്താക്കൾക്ക് കറവപ്പശു വിതരണം ചെയ്യുന്നതിന് ജില്ലാ പഞ്ചായത്തിന്റെ സഹകരണത്തോടെ നടപ്പാക്കിയ പദ്ധതിയാണിത്. കറവപ്പശു വാങ്ങുന്നതുമായി ബന്ധപ്പെട്ട് 26 ഗുണഭോക്താക്കൾ ഗ്രാമ പഞ്ചായത്തുമായി എഗ്രിമന്റ് വെച്ചിട്ടുണ്ട്. എന്നാൽ ഈ ഗുണഭോക്താക്കൾ പശുവിനെ വാങ്ങിയതും,ബേങ്ക് ലോൺ എടുത്തതുമായി ബന്ധപ്പെട്ട രേഖകളൊന്നും തന്നെ ഓഡിറ്റിന് പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. പദ്ധതി നിർവ്വഹണത്തിലെ വീഴ്ചയ്ക്ക് വിശദീകരണം അവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം15/16-17/3.7.17) മറുപടി നൽകിയിട്ടില്ല. പദ്ധതി പൂർത്തിയാക്കാത്തതിന് തൃപ്തികരമായ വിശദീകരണം നൽകേണ്ടതാണ്. ചെലവ്തുക തടസ്സപ്പെടുത്തുന്നു.

## 3-3 എസ്.എസ്.എ.പദ്ധതി-വിനിയോഗസാക്ഷ്യപത്രം ഹാജരാക്കയില്ല

ഗ്രാമ പഞ്ചായത്ത് പദ്ധതികൾ നടപ്പിലാക്കുന്നതിന്റെ ഭാഗമായി 2016-17 വർഷത്തിൽ താഴെ പറയുന്ന വിധത്തിൽ വിവിധ സ്ഥാപനങ്ങൾക്ക് തുക കൈമാറിയിട്ടുണ്ട്.

| ക്രമ നം. | 1നിർവ്വഹണോദ്യോഗസ്ഥൻ | പ്രോജക്ടിന്റെ പേര് | ചെലവ് തുക | ഫണ്ടിനം | ബിൽ നം. | കൈമാറിയതുക സ്വീകരിച്ച സ്ഥാപനം |
|---|---|---|---|---|---|---|
| 1 | ഹെഡ് മാസ്റ്റർ | എസ്.എസ്.എ വിഹിതം അടവാക്കൽ പ്രോജക്ട് നം. 41/16-17 | 5,00,000 | വികസന ഫണ്ട് | 1/21-11-16 | ജില്ലാ പ്രോജക്ട് ഓഫീസർ, എസ്.എസ്. എ |
| 2 | വി.ഇ.ഒ | ഐ.എ.വൈ. വിഹിതം അടവാക്കൽ | 1,80,000 | വികസന ഫണ്ട് | 9/15-3-2017 | ബ്ലോക്ക് പഞ്ചായത്ത്, തൂണേരി. |
| 3 | സെക്രട്ടറി | | 5,000 | തനത് ഫണ്ട് | 21600280/25-8-16 (വൗച്ചർ നം. ) | ജന. കൺവനീര്, സംസ്ഥാന ബധിര കായിക മേള |
| 4 | അസി. സെക്രട്ടറി | ഐ.എ.വൈ വിഹിതം അടവാക്കൽ പ്രോജക്ട് നം. 62/17 | 32500 | വികസന ഫണ്ട് | 62/21-3-17 | ബ്ലോക്ക് പഞ്ചായത്ത്, തൂണേരി. |
| | | | 717500 | | | |

മേൽ പറഞ്ഞ തുകകൾ ബന്ധപ്പെട്ട സ്ഥാപനം ചെലവഴിച്ചതിന്റെ രേഖകൾ ഓഡിറ്റിന്റെ പരിശോധനയ്ക്ക് ഹാജരാക്കിയില്ല. വിനിയോഗ സാക്ഷ്യപത്രത്തിന്റെ അഭാവത്തിൽ 7,17,500/- രൂപയുടെ ചെലവ് തുക തടസ്സപ്പെടുത്തുന്നു.

## 3-4 ആയുർവ്വേദ മരുന്നുകൾ പൂർണ്ണമായും സപ്ലൈ ചെയ്തില്ല

നിർവ്വഹണം മെഡി.ഓഫീസർ (ഹോമിയോ)

പ്രോജക്ട് നം 58/16-17

അടങ്കൽ 350000/-

ഫണ്ട് എം.ജി (എൻ.ആർ)

ചെലവ് 350000/-

ബിൽനം.തി. 2/16-17/ 30.01.2017

ഗ്രാമപഞ്ചായത്തിലെ ആയുർവ്വേദ ആശുപത്രിയിലേക്ക് മരുന്ന് വാങ്ങുന്നതിന് ഔഷധിക്ക് 3,50,000/- രൂപ നൽകിയിട്ടുണ്ട്. എന്നാൽ മരുന്നുകൾ മുഴുവനായും ഔഷധിയിൽ നിന്ന് ലഭിച്ചിട്ടില്ല. ഔഷധിയുമായി മെഡിക്കൽ ഓഫീസർ ഒപ്പുവെച്ച കരാറിൽ (കരാർ നം.ബി2/ 3.1.2017) തുകകൈപ്പറ്റി 60 ദിവസത്തിനകം മരുന്ന് സപ്ലൈചെയ്യുന്നതാണെന്നും അല്ലാത്തപക്ഷം ഉണ്ടാകുന്ന കഷ്ടനഷ്ടങ്ങൾക്ക് ഔഷധി ഉത്തരവാദിയായിരിക്കുമെന്നും സൂചിപ്പിച്ചിട്ടുണ്ട്. എന്നാൽ 59327/-രൂപയുടെ മരുന്നുകൾ ഓഡിറ്റ് തിയ്യതിവരെയും ഔഷധി സപ്ലൈചെയ്തിട്ടില്ല. വിതരണം ചെയ്യാൻ ബാക്കിയുള്ള മരുന്നുകൾ ലഭ്യമാക്കുന്നതിനും സത്വര നടപടികൾ സ്വീകരി ക്കേണ്ടതാണ്.

## 3-5 കുടുംബശ്രീ - എസ്.സി.എ. ഫണ്ട് ചെലവഴിച്ചില്ല

കുടുംബശ്രീ ഗ്രൂപ്പുകൾക്ക് സ്വയം തൊഴിൽ സംരംഭങ്ങൾ തുടങ്ങുന്നതിനും മറ്റുമായി സർക്കാർ അനുവദിച്ച എസ്.സി.എ.ഫണ്ട് (സ്പെഷ്യൽ സെൻട്രൽ അസിസ്റ്റൻസ്)പൂർണ്ണമായും ചെലവഴിച്ചിട്ടില്ല.ഓഡിറ്റ് വർഷം ഈ ഇനത്തിൽ 408672/- രൂപ നീക്കിയിരിപ്പുണ്ട്.(അക്കൗണ്ട് നം 4563 എസ്.സി.ബി.വളയം)

കുടുംബശ്രീ കോഴിക്കോട് ജില്ലാ മിഷൻ കോ-ഓർഡിനേറ്ററുടെ 21.05.2016 ലെ കത്ത് നം 2668/എ2/കെ.എസ് /കെ.കെ.ഡി പ്രകാരം എസ്.സി.എ.ഫണ്ട് 60% സംരംഭ സബ്സിഡിയായും 15% പരിശീലനത്തിനും 25 % അടിസ്ഥാന സൗകര്യത്തിനും വിനിയോഗിക്കാമെന്ന് വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ നളിതുവരെ മേൽതുക വിനിയോഗിച്ചിട്ടില്ല.എസ്.സി.എ.ഫണ്ട് വിനിയോഗിക്കാത്തതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം 9/16-17/1.7.2017) മറുപടി നൽകിയിട്ടില്ല. തുക വിനിയോഗിക്കുന്നതിന് അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-6 സ്ട്രീറ്റ് ലൈറ്റ് - സംയുക്ത പരിശോധന നടത്തിയില്ല

ഓഡിറ്റ് വർഷം വൈദ്യുതി ചാർജ്ജ് ആകെ 86076/-രൂപ കെ.എസ്.ഇ.ബി.യിൽ അടച്ചിട്ടുണ്ട്. എന്നാൽ ഗ്രാമ പഞ്ചായത്തിൽ എത്ര സ്ട്രീറ്റ് ലൈറ്റുകളുണ്ടെന്നത് പരിശോധിക്കുന്നതിന് കെ.എസ്.ഇ.ബിയുമായി ചേർന്ന് സംയുക്ത പരിശോധന നടത്തിയിട്ടില്ല.സംയുക്ത പരിശോധന നടത്താതെ സ്ട്രീറ്റ് ലൈറ്റ് വൈദ്യുതി ചാർജ് അടയ്ക്കുന്നത് ശരിയായ നടപടിയല്ല. അപാകതയ്ക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം11/16-17/1.7.17) മറുപടി നൽകിയിട്ടില്ല. കെ.എസ്.ഇ.ബിയുമായി ചേർന്ന് സംയുക്ത പരിശോധന നടത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-7 ഹോമിയോ ആശുപത്രിക്ക് മരുന്ന് വാങ്ങൽ - മരുന്നുകൾ പൂർണ്ണമായും ലഭിച്ചില്ല.

നിർവ്വഹണം മെഡി.ഓഫീസർ (ഹോമിയോ)

പ്രോജക്ട് നം 57/16-17

അടങ്കൽ 125000/-

ഫണ്ട് എം.ജി (എൻ.ആർ)

ചെലവ് 125000/-

ബിൽനം.തി. 1/16-17/ 30.01.2017

ഗ്രാമപഞ്ചായത്തിലെ ഹോമിയോ ആശുപത്രിയിലേക്ക് മരുന്ന് വാങ്ങുന്നതിന് കേരള സ്റ്റേറ്റ് ഹോമിയോപ്പതിക്ക് കോ. ഓപ്പറേറ്റീവ് ഫാർമസി ലിമിറ്റഡിന് 1,25,000/-രൂപ നൽകിയിട്ടുണ്ട്. ഡി.ഡി.നം.655885/17.02.2017) എന്നാൽ ഓഡിറ്റ് തിയ്യതിവരെയും മരുന്നുകൾ ലഭിച്ചിട്ടില്ല. മരുന്നുകൾ ലഭ്യമാക്കുന്നതിന് സത്വര നടപടികൾ സ്വീകരിക്കേണ്ടതാണ്. ചെലവു തുക തടസ്സത്തിൽ വെയ്ക്കുന്നു.

## 3-8 പൊതുമരാമത്ത്പ്രവൃത്തികൾ - നിർവ്വഹണത്തിൽ വീഴ്ച

ഓഡിറ്റ് വർഷം 52 പ്രവൃത്തികൾക്കായി18624164/-രൂപ വകയിരുത്തിയിരുന്നുവെങ്കിലും 15 പ്രവൃത്തികൾക്ക് മാത്രമേ തുക ചെലവഴിച്ചിട്ടുള്ളൂ. അടങ്കലിന്റെ 28% മാത്രമായ 5295096/-രൂപയാണ് ഈ ഇനത്തിൽ ചെലവഴിച്ചിട്ടുള്ളത്. കൂടാതെ നടപ്പിലാക്കിയ പ്രോജക്ടുകളിലെ ബില്ലുകളും, എം ബുക്കുകളും പൂർണ്ണമായി എഴുതിസൂക്ഷിക്കാതെയും കാണുന്നു.എം ബുക്ക് ഇല്ലാതെയും, എഗ്രിമെന്റ് ഇല്ലാതെയും ഹാജരാക്കിയ ബില്ലുകളുടെ വിവരം താഴെചേർക്കുന്നു.

| ക്രമനം | പ്രോജക്ട്നം | പ്രവൃത്തിയുടെ പേര് | അപാകത |
|---|---|---|---|
| 1 | 15 | ആയുർവ്വേദ ഡിസ്പെൻസറി പരിഷ്കരണം | എഗ്രിമെന്റ് ഹാജരാക്കിയിട്ടില്ല |
| 2 | 23 | വലിയപറമ്പ് റോഡ് പരിഷ്കരണം | എം ബുക്കിലും, ബില്ലിലും കുറവ് ചെയ്ത് തുകയുടെ വിവരങ്ങൾ ചേർത്തിട്ടില്ല. |
| 3 | 22 | ചുഴലി ഗവ.എൽ.പി.സ്കൂൾ ഓപ്പൺ എയർ തിയേറ്റർ | എഗ്രിമെന്റ് ഹാജരാക്കിയിട്ടില്ല |
| 4 | 13 | മാരാങ്കണ്ടി അങ്കണവാടി പരിഷ്കരണം | ടി |
| 5 | 8 | വിളക്കലം വേങ്ങാകുന്ന്റോഡ് | എം ബുക്ക് ഹാജരാക്കിയിട്ടില്ല |
| 6 | 14 | നീലാണ്ട് അങ്കണവാടി പരിഷ്കരണം | എഗ്രിമെന്റ്ഹാജരാക്കിയിട്ടില്ല |

അപാകതകൾക്ക് വിശദീകരണം നൽകേണ്ടതും, രേഖകൾ ഓഡിറ്റിന് ഹാജരാക്കേണ്ടതുമാണ്.

## 3-9 മരാമത്ത് പ്രവൃത്തികളിൽ നിന്നും വാറ്റ് ഈടാക്കിയതിൽ കുറവ്.

നിർവ്വഹണം :അസി എഞ്ചിനീയർ

2016-17 വർഷത്തിൽ പൂർത്തികരിച്ച് അവസാന ബിൽ നൽകിയ താഴെ പറയുന്ന പ്രവൃത്തികളുടെ കാര്യത്തിൽ 4% നിരക്കിലാണ് നികുതി ഈടാക്കിയത്.നികുതി കോമ്പൗണ്ട് ചെയ്യുതിന് വിൽപ്പന നികുതി വകുപ്പിൽ നിന്നുള്ള സാക്ഷ്യപത്രം കരാറുകാരൻ സമർപ്പിച്ചിട്ടില്ലാത്തതിനാൽ പ്രവൃത്തികളുടെ ബില്ലിൽ നിന്നും 5% നിരക്കിലാണ് വാറ്റ് ഈടാക്കേണ്ടിയിരുന്നത്.

വാറ്റ് ഈടാക്കിയതിൽ കുറവ് വന്നതിനാൽ 42682 രൂപയുടെ നഷ്ടം സർക്കാരിന് സംഭവിച്ചിട്ടുണ്ട്.

| ക്രമ നം | പ്രൊജക്ട് നം | കരാറുകാരൻ | പ്രവൃത്തി മൂല്യം | ഈടാക്കേണ്ടിയിരുന്ന തുക | ഈടാക്കിയ തുക | 1% നിരക്കിൽ കുറവ് വന്ന തുക |
|---|---|---|---|---|---|---|
| 1 | 14 | എം ടി ബാലൻ | 192176 | 9608 | 7687 | 1921 |
| 2 | 95 | സുധീഷ് വി കെ | 314878 | 15743 | 12595 | 3148 |

| | | | | | | |
|---|---|---|---|---|---|---|
| 3 | 83 | സുകേഷ് സി പി | 421989 | 21099 | 16880 | 4219 |
| 4 | 15 | ടി പി കുഞ്ഞിക്കണ്ണൻ | 99972 | 4998 | 3999 | 999 |
| 5 | 109 | രാജൻ എൻ പി | 99727 | 4986 | 3989 | 997 |
| 6 | 87 | രവീന്ദ്രൻ കെ പി | 449802 | 22490 | 17992 | 4498 |
| 7 | 23 | സുനിൽ കെ | 593829 | 29691 | 23753 | 5938 |
| 8 | 22 | എം ടി ബാലൻ | 574308 | 28715 | 22972 | 5743 |
| 9 | 16 | സുരേഷ് ബാബു | 91593 | 4579 | 3664 | 915 |
| 10 | 13 | സുനിൽ കെ | 49109 | 2455 | 1964 | 491 |
| 11 | 10 | എം കെ ബാലൻ | 748913 | 37445 | 29956 | 7489 |
| 12 | 9 | സുനിൽ കെ | 349380 | 17469 | 13975 | 3494 |
| 13 | 8 | രാജൻ | 283007 | 14150 | 11320 | 2830 |
| | | | | | | 42682/- |

അപാകതയ്ക്ക് വിശദീകരണം നൽകേണ്ടതും ഉത്തരവാദികളിൽ നിന്നും തുക ഈടാക്കി സർക്കാരിലേക്ക് ഒടുക്കേണ്ടതുമാണ്.

## 3-10 വീട് വൈദ്യുതീകരണം - പദ്ധതി നിർവ്വഹണത്തിലെ അപാകതകൾ

നിർവ്വഹണം : അസി.സെക്രട്ടറി

പ്രൊജക്റ്റ് നം. : S0043/17

അടങ്കൽ : 8,000 വികസനഫണ്ട് (ടി.എസ്.പി)

ചെലവ് : 8,000/-(ബിൽ നം. 148/16-17 തീ. 27.02..2017)

ഗ്രാമ പഞ്ചായത്തിൽ 50,000/- ൽ കുറവ് വാർഷിക വരുമാനമുള്ളതും, സാമ്പത്തികമായി പിന്നോക്കാവസ്ഥയിലുള്ളതുമായ പട്ടിക വർഗ്ഗ കുടുംബങ്ങൾക്ക് വീട് വയറിംഗിന് ധനസഹായം നൽകുന്നതിനാണ് പദ്ധതിയിൽ തുക വകയിരുത്തിയിരിക്കുന്നത്. ഭരണ സമിതിയുടെ 14.11.2016 ലെ 04/16(26) നം തീരുമാന പ്രകാരം ശ്രീമതി. സിനിഷ ടി.എം, ശ്രീമതി ജാനു എന്ന കുംഭ എന്നിവരെയാണ് ആനുകൂല്യം നൽകുന്നതിനായി തെരഞ്ഞെടുത്തിട്ടുണ്ട്.

സ.ഉ(എം.എസ്)4/2016 തീ. 11.01.2016 അനുബന്ധം 15.3.6.6 പ്രകാരം മെയിൻസ്വിച്ച് , എർത്തിംഗ് എന്നിവയ്ക്ക് പുറമേ 3 പോയിന്റ് വയറിംഗ് നടത്തി എന്നത് വി.ഇ.ഒ/ഓവർസിയർ സാക്ഷ്യപ്പെടുത്തേണ്ടതാണ് എന്ന് നിർദ്ദേശിക്കുന്നുണ്ട്. കൂടാതെ, കെ.എസ്.ഇ.ബിയിൽ സി.ഡി അടച്ച രശീതിന്റെ സാക്ഷ്യപ്പെടുത്തിയ പകർപ്പിന്റെ അടിസ്ഥാനത്തിൽ മാത്രമേ സബ്സിഡി നൽകാവൂ എന്നും നിഷ്കർഷിക്കുന്നുണ്ട്. ഇവ പാലിച്ചതായി കാണുന്നില്ല. സബ്സിഡി കൈമാറിയതിന്റെ വിവരവും ഫയലിൽ ലഭ്യമായില്ല. അപാകതയ്ക്ക് വിശദീകരണം നൽകേണ്ടതും, രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതുമാണ്. ചെലവു തുക തടസ്സപ്പെടുത്തുന്നു.

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രൊജക്റ്റുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

മാർഗ്ഗരേഖ ലംഘിക്കുന്നുണ്ടെങ്കിൽ പ്രത്യേകം പരാമർശിക്കണം.

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്റ്റിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| ജില്ലാ പഞ്ചായത്ത് | 30.03.2017 | 130000 | പശു വളർത്തൽ | 130000 | 0 |
| ചൈൽഡ് ഡെവലപ്പ്മെന്റ് ഓഫീസർ.ഉണേരി | 4/2016.<br>12/2016.<br>3/2016 | 490124 | അംഗൻവാടി പോഷകാഹാരം | 449797 | 40327 |

## 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

ഇല്ല

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഇല്ല

## 4-4 വായ്പ/ വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം പഞ്ചായത്തിന് വായ്പയിനത്തിൽ

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവേശഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ഇ.എം.എസ് ഭവന പദ്ധതി | 322/2010 /തസ്വഭവ. 29.01.2010 | - | 201214 | 201214 | 0 | 0 |

-

## 4-5 സ്ഥിരനിക്ഷേപങ്ങൾ

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | 25000 |
| തൻവർഷം നിക്ഷേപിച്ച തുക | 0 |
| ആകെ | 25000 |
| തന്നാണ്ടിൽ പിൻവലിച്ച തുക | 0 |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 25000 |

വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ വിവരം താഴെ കൊടുക്കുന്നു .

| നിക്ഷേപത്തിന്റെ വിവരം | തുക |
|---|---|
| നാദാപുരം സഹകരണ ആശുപത്രി ലിമിറ്റഡ് നമ്പർ : 2470, ഷെയർ സർട്ടിഫിക്കറ്റ് നമ്പർ :311 , 03.03.1997 | 25000 |
| ആകെ | 25000 |

## 4-6 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം വരവില്ല.

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടികളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-ാം വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം |
|---|---|---|---|---|
| 1999-00 | 17 | 2003-04 | 11 | നോട്ടുബുക്ക് നിർമ്മാണ കേന്ദ്രം പ്രവർത്തനം ആരംഭിച്ചില്ല |
| 1999-00 | 9 | 2003-04 | 11 | മൈത്രി ഭവന പദ്ധതി പുരോഗതി റിപ്പോർട്ട് |
| 1999-00 | | 2003-04 | | തെരുവ് വിളക്കുകൾ കെ.എസ്.ഇ.ബി. നിക്ഷേപം പ്രവൃത്തി പൂർത്തീകരിക്കാത്തത് |
| 2001-02 | 8 | 2004-05 | 11 | മത്സ്യതൊഴിലാളികൾക്ക് മോപ്രഡ് വിതരണം . വാങ്ങിയതിന് രേഖകളില്ല |

## 4-8 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 7,29,96,038 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 7,25,88,362 |
| വരവിനങ്ങളിലുള്ള നഷ്ടം | :ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | :ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 1299827/- |

ചെലവിനങ്ങളിലുള്ള നഷ്ടം,വരവിനങ്ങളിലുള്ള നഷ്ടം എന്നിവ ബിയിലേയും സിയിലേയും തുകയാണ്.)

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഇല്ല

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ക്രമ നം. | ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| 1 | 3-2 | 390000/- | ഡോ.പി.ഗിരീഷ് കുമാർ.വെറ്റി.സർജൻ |
| 2 | 3-3(1) | 500000/- | ശ്രീ.പ്രഭാകരൻ, ഹെഡ് മാസ്റ്റർ |
| 3 | 3-3(2) | 180000/- | ശ്രീ.ജോണി.ആർ. വി.ഇ.ഒ |
| 4 | 3-3(3) | 5000/- | ശ്രീ.അശോകൻ.കെ.കെ, സെക്രട്ടറി |
| 5 | 3-3(4) | 32500/- | ശ്രീ.സുകുമാരൻ.ടി, അസി.സെക്രട്ടറി. |
| 6 | 3-4 | 59327/- | ഡോ.വി.ജി.അജിത് കുമാർ മെഡി. ഹോമിയോ |

| | | | |
|---|---|---|---|
| 7 | 3-7 | 125000/- | ടി |
| 8 | 3-10 | 8000/- | ശ്രീ.സുകുമാരൻ.ടി, അസി.സെക്രട്ടറി. |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ശ്രീ.രവി.കെ, അസി. എഞ്ചിനീയർ 42682/- ഖ. (3-12)

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

ഇല്ല

## 4-9 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം | റിമാർക്സ് |
|---|---|---|---|
| 1985-86 | എൽ.എഫ്.പി3/1061/89/24-09-93 | 6 | |
| 1990-91,91-92 | എൽ.എഫ്.എസ് 1/475/99/6-10-93 | 1 | |
| 1992-93 | എൽ.എഫ്.എസ് 1/631/94/2-7-94 | 1 | |
| 1993-94,94-95 | എൽ.എഫ്.എസ് 1/1078/99/21-11-97 | 21 | |
| 1997-98 ചെലവ് | എൽ.എഫ്.എസ്2/1551/01/26-03-02 | 2 | |
| 1997-98 ഡി.സി.ബി | എൽ.എഫ്.എസ്1/821/07/5-10-07 | 1 | |
| 1998-99 | എൽ.എഫ്.എസ്1/822/07/5-10-07 | 4 | |
| 1999-00 | എൽ.എഫ്.എസ്1/823/07/5-10-07 | 2 | |
| 2000-01 | എൽ.എഫ്.കെ.കെ.ഡി.എസ്.1/1395 /07/04-04-2008 | 2 | |
| 2001-02 | എൽ.എഫ്.എസ്1/449/07/15-10-07 | 2 | |
| 2002-03 | എൽ.എഫ്.എസ്1/1935/08/5-10-07 | 2 | |
| 2003-04 | എൽ.എഫ്.എസ്1/1396/07/5-10-17 | 13 | |
| 2004-05 | എൽ.എഫ്.പി5 1349/09/12-1-10 | 12 | |
| 2005-06 | എൽ.എഫ്.കെ.കെ.ഡി.എസ്/805/08/2-12-08 | 23 | |
| 2006-07 | എൽ.എഫ്.കെ.കെ.ഡി.പി5/321/10/3-2-10 | 6 | |
| 2007-08 | എൽ.എഫ്.കെ.കെ.ഡി.എസ്1/1339/10/26-04-11 | 13 | |
| 2008-09 | എൽ.എഫ്.കെ.കെ.ഡി.എസ്1/1339/10/26-04-11 | 9 | |

| | | | |
|---|---|---|---|
| 2009-10 | എൽ.എഫ്.കെ.കെ.ഡി.എസ്.4/1718/11/8-3-12 | 6 | |
| 2010-11 | എൽ.എഫ്.കെ.കെ.ഡി.പി11/72/13/4-2-13 | 17 | |
| 2011-12,<br>2012-13 | എൽ.എഫ്.കെ.കെ.ഡി.പി11/1875/13/09-01-14 | 10 | |
| 2014-15 | കെ.എസ്.എ കെ.കെ.ഡി/പി 11/28/6-2-16 | 32 | |
| 2015-16 | കെ.എസ്.എ കെ.കെ.ഡി/പി 11/2196/9-1-2017 | 22 | |

ഡെപ്യൂട്ടി ഡയറക്ടർ

## അനുബന്ധം-1

## ഓഡിറ്റ് സർട്ടിഫിക്കറ്റ്

കെ.എസ്.എ.കെ.കെ.ഡി/പി.4/1399/2017.

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, കോഴിക്കോട്
ഇ-മെയിൽ -dokkd.ksad@kerala.gov.in
ഫോൺ -0495 2371012
തീയതി: 3-8-2017.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4 ാം വകുപ്പും 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ 215-ാം വകുപ്പും ബന്ധപ്പെട്ട ചട്ടങ്ങളും അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ കണക്കുകളുടെ സാക്ഷ്യപ്പെടുത്തലിനായി കംപ് ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ പുറപ്പെടുവിച്ചിട്ടുള്ള മാർഗ്ഗനിർദ്ദേശങ്ങൾ അവലംബിച്ചും കോഴിക്കോട് ജില്ലയിലെ വളയം ഗ്രാമ പഞ്ചായത്തിന്റെ 2016-17വർഷത്തെ വാർഷിക ധനകാര്യ സ്റ്റേറ്റ്മെന്റ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ വളയംഗ്രമപഞ്ചായത്തിന്റെ 2016-17ലെ വാർഷിക ധനകാര്യ പത്രിക വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ

ജില്ലാ ഓഡിറ്റ് കാര്യാലയം കോഴിക്കോട്.

No. KSA.KKD/P 4/1399/2017.

Kerala State Audit Department

District Audit Office, Kozhikode

Phone - 0495 2371012

E-mail – dokkd.ksad@kerala.gov.in

Dated: 3-8-2017

AUDIT CERTIFICATE

Certified that I have audited the Annual Financial Statement of Valayam grama Panchayat for the year ended on 2016-17 in Kozhikode District in accordance with section '4' of the Kerala Local Fund Audit Act 1994; Section 215 of the Kerala Panchayat Raj Act 1994; the rules made there under and the guidelines issued by the Comptroller and Auditor General of India for the purpose of audit of accounts of Panchayat Raj Institutions.

In my opinion the Financial Statements of Valayam grama Panchayat for the year 2016-17 except this observations in my audit report properly presents the picture of income and expenditure.

DEPUTY DIRECTOR

District Audit Office, Kozhikode.